ന്നതിന് സബ്സിഡി നൽകുന്നതിന് തുകയൊന്നും വകയിരുത്തിയിട്ടില്ല. തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള തുക എസ്.ജി.എസ്.വൈ. പദ്ധതി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി, ഇ) സ്വയം സഹായ സംഘങ്ങളെ പഞ്ചായത്തുതല കുടുംബശ്രീ സൊസൈറ്റിയുമായി അഫിലിയേറ്റ് ചെയ്യുന്നതാണെന്ന് ഇതിനായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. സ്പെഷ്യൽ പ്രോജക്ട് പ്രകാരം അനുവദിച്ച തുക പ്രസ്തുത നിയോജകമണ്ഡലത്തിലെ കുടുംബശ്രീ യൂണിറ്റുകൾ നടത്തുന്ന തൊഴിൽ സംരംഭങ്ങൾക്ക് വേണ്ടി മാത്രം വിനിയോഗിക്കുവാനുള്ള ശ്രമം നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന പഴസംസ്കരണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം

138 [861] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന പഴസംസ്കരണ പരിശീലന കേന്ദ്രത്തിന്റെ വികസനത്തിനായി 2003-04 സാമ്പത്തിക വർഷത്തിൽ എത്ര സംഖ്യ ചെലവഴിക്കാനാണ് തീരുമാനിച്ചിരുന്നത്;

(ബി) നിലവിലുള്ള തസ്തികകൾക്ക് പുറമെ പുതിയ തസ്തികകൾ എന്തെങ്കിലും സൃഷ്ടിക്കുവാൻ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നുവോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) 1999-2000, 2000-2001, 2001-2002, 2002-2003 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷത്തിലും എത്ര പേർക്ക് വീതം പരിശീലനം നൽകിയിട്ടുണ്ടെന്നും ഓരോ വർഷവും എത്ര സംഖ്യ വീതം വരവ് ഉണ്ടായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

ഉത്തരം

(എ) 2003-2004 വർഷത്തെ ബഡ്ജറ്റിൽ ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രത്തിന്റെ വികസനത്തിനായി ആവർത്തന ചെലവുകളല്ലാതെ മറ്റു തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി, സി) ഒരു പാർട്ട്-ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) അനുബന്ധം 'എ' ആയി കൊടുത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly